"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-എറണാകുളം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീ.സുഭാഷ്.പി.ബി യ്ക്ക് പാലക്കാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് അന്യത്ര സേവനകാല വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1240/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/07/2021

---

പരാമർശം:- 1 സർക്കുലർ നംപർ 42/2013/ഫിൻ, തീയതി 10.05.2013

2 ശ്രീ.സുഭാഷ്.പി.ബി യുടെ 06.01.2021 ലെ അപേക്ഷ

3 അഡ്വക്കേറ്റ് ജനറലിന്റെ 18.01.2021 ലെ എഡിഎ2-687/2021 നമ്പർ കത്ത്.

4 പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 22.02.2021 ലെ ഇ1-263/21 നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം നൽകണമെന്നഭ്യർത്ഥിച്ച് എറണാകുളം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീ.സുഭാഷ്.പി.ബി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം അഡ്വക്കേറ്റ് ജനറൽ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ടിയാന് നിയമനം നൽകുന്നതിൽ വിയോജിപ്പ് ഇല്ലെന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (4 ) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി എറണാകുളം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീ.സുഭാഷ്.പി.ബി യ്ക്ക് പാലക്കാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ കെ.എസ്.ആർ ഭാഗം 1, ചട്ടം 140(സി) യിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് അന്യത്ര സേവനകാല വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് കാലാവധി

ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിയ്ക്കാത്ത പക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃ വകുപ്പിലേക്ക് തിരിച്ചു പോകാതിരിക്കുകയും ചെയ്താൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്ന് വിലക്കേണ്ടതുമാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് യാതൊരു കാരണവശാലും ക്രമീകരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം

സെക്രട്ടറി/പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, പാലക്കാട്

ജില്ലാ ട്രഷറി ഓഫീസർ, കാസറഗോഡ്

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ(എൽ ബി എ&എ), കേരള, തിരുവനന്തപുരം

ശ്രീ.സുഭാഷ്.പി.ബി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, കേരള, എറണാകുളം

ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ)വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ കെ എം, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്(25/ഇപിഎ1/2021/തസ്വഭവ)നമ്പർ ഫയലിലേക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ